## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 4100 **18.10.2011** ലെ മറുപടിയ്ക്ക്

<u>റാന്നി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പ് മന്ത്രി)** |

| | ചോദ്യം | ഉത്തരം |
|---|---|---|
| എ) | റാന്നി മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | എ) റാന്നി മിനി സിവിൽസ്റ്റേഷനിൽ ബ്ലോക്ക് - 1, ബ്ലോക്ക് - 2 , എന്നീ രണ്ട് കെട്ടിടങ്ങളാണ് നിർമ്മിക്കുന്നത്.<br>**<u>ബ്ലോക്ക് - 1</u>** - സമീപത്തുള്ള മജിസ്ട്രേറ്റ് കോടതി മാറ്റിയിട്ടില്ലാത്തതിനാൽ പ്രവൃത്തി തുടങ്ങുവാൻ സാധിച്ചിട്ടില്ല.<br>**<u>ബ്ലോക്ക് - 2</u>** - നിർമ്മാണ പ്രവർത്തികൾ നല്ല പുരോഗതിയിലാണ് നടക്കുന്നത്. സെല്ലാർ ഫ്ളോർ സ്ലാബിന്റെ നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചു. |
| ബി) | കരാർ പ്രകാരം നിർമ്മാണം എന്നാണ് പൂർത്തീകരിക്കേണ്ടത്; നിർമ്മാണത്തിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; | ബി) കരാർ പ്രകാരം നിർമ്മാണം,സ്ഥലം കൈമാറിയ ദിവസം (15-11-2010) മുതൽ 15 മാസത്തിനകം അതായത് 14-2-2012 നു മുൻപായി പൂർത്തിയാക്കണം. പകൽ സമയത്ത് കോൺക്രീറ്റിംഗും ശബ്ദായമാനമായ നിർമ്മാണ പ്രവർത്തികളും കോടതി പ്രവർത്തിക്കുന്നതിനാൽ അനുവദനീയമല്ല. അതിനാൽ നിശ്ചിതസമയത്ത് പ്രവൃത്തി പൂർത്തികരിക്കുവാൻ സാധിക്കുകയില്ല. അവധി ദിവസങ്ങളിലും കോടതി പ്രവർത്തിക്കാത്ത ദിവസങ്ങളിലും മാത്രമാണ് കോൺക്രീറ്റിംഗ് പ്രവർത്തികൾ നടത്തുന്നത്. |
| സി) | ഇവ നീക്കി നിർമ്മാണം നിശ്ചിത സമയത്ത് തന്നെ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | സി) കോടതി പ്രസ്തുത സ്ഥലത്ത് നിന്നും വാടക കെട്ടിടത്തിലേക്ക് മാറ്റുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് ലഭിച്ചാൽ മാത്രമേ തടസ്സം ഇല്ലാതാക്കാൻ സാധിക്കുകയുള്ളു. കോടതി മാറ്റുന്നതിനായി വാടക കെട്ടിടം കണ്ടുപിടിക്കുകയും പ്രസ്തുത കെട്ടിടത്തിന് വാടക നിശ്ചയിച്ച് ജില്ലാ ജഡ്ജിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാ ജഡ്ജി ഈ കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി യിട്ടുണ്ടെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ